## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T * 429 21.07.2015-ലെ മറുപടിക്ക്

### കേരളത്തിനെ പ്രതികൂലമായി ബാധിക്കുന്ന കരാറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. സി.കെ. നാണു<br>ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. കെ.പി. മോഹനൻ<br><br>കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി. |
| **(എ)** WTO, ആസിയാൻ കരാർ, RECP മുതലായ ഒപ്പിട്ടതും, ഒപ്പിടേണ്ടതുമായ കരാറുകൾ കേരളത്തിന് എന്തെല്ലാം ദോഷങ്ങൾ ചെയ്യുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | **(എ)** വിലയിരുത്തി വരുന്നു. |
| **(ബി)** പ്രസ്തുത കരാറുകളിൽ കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, പ്ലാന്റേഷൻ വകുപ്പ് എന്നിവയിലുള്ള കർഷകരെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | **(ബി)** പ്രസ്തുത കരാറുകളിൽ നിന്നും കർഷകരെ സംരക്ഷിക്കുവാൻ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉല്പന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിപണനം നടത്തുന്നതിന് ആറ് മൊത്ത വ്യാപാര വിപണികൾ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. മൃഗസംരക്ഷണ- ക്ഷീര വികസന മേഖലകളിലെ കർഷകർക്കായി കന്നുകുട്ടി പരിപാലനം, ഗോവർദ്ധിനി, ബാക്ക്യാർഡ് കോഴി വളർത്തൽ പദ്ധതി, ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, എരുമ വളർത്തൽ പദ്ധതി, താറാവ് വളർത്തൽ പദ്ധതി, കൃത്രിമബീജ സങ്കലനം, സൗജന്യ വിരമരുന്ന് വിതരണം, ധാതുലവണ മിശ്രിത വിതരണം, വെറ്ററിനറി സേവനം എന്നിവ നടപ്പാക്കുന്നുണ്ട്. |

| | |
|---|---|
| **(സി)** കർണ്ണാടകത്തിന്റെ സമ്മർദ്ദം മൂലം കേന്ദ്ര ഗവൺമെന്റ് അടയ്ക്ക ഇറക്കുമതിക്ക് കൂടിയ വില നിശ്ചയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(സി)** അടയ്ക്കയ്ക്ക് കേന്ദ്ര ഗവൺമെന്റ് മിനിമം ഇംപോർട്ട് പ്രൈസ് കൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ഡി)** ഇതുപോലെ ഏതെങ്കിലും വിളകൾക്ക് ഇറക്കുമതിക്കുള്ള തറവില നിശ്ചയിക്കുവാനോ ഇനങ്ങളുടെ തറവില ഇവിടത്തെ കർഷകർക്ക് വേണ്ടി നിശ്ചയിക്കുന്ന വിലയ്ക്ക് താഴെ ഇറക്കുമതി ചെയ്യുവാനോ പാടില്ലായെന്ന നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | **(ഡി)** സ്വാഭാവിക റബ്ബറിന് ഇറക്കുമതി തീരുവ കൂട്ടണം എന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| **(ഇ)** ഏതെല്ലാം ഉല്പന്നങ്ങളെയും വിളകളെയുമാണ് സെൻസിറ്റീവ് ലിസ്റ്റിലോ ഹൈ സെൻസിറ്റീവ് ലിസ്റ്റിലോ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുന്നത്; അതിനു വേണ്ടിയുള്ള നിയമപരമായ നടപടികൾ എന്തെല്ലാമാണ് സ്വീകരിച്ചിരിക്കുന്നത് ? | **(ഇ)** സ്വാഭാവിക റബ്ബർ, കുരുമുളക്, നാളികേരം, ഏലം എന്നിവയെ സെൻസിറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി.